പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 ഒക്ടോബർ 21, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**63 (*481) ഊർജ്ജ ഓഡിറ്റ്**

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, കഴിഞ്ഞ സാമ്പത്തിക വർഷം അനെർട്ട് ഊർജ്ജ ഓഡിറ്റ് നടത്തിയ പത്ത് സ്ഥാപനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള വിതുര ജഴ്സി ഫാം, കൊല്ലം ജില്ലാ ആശുപത്രി, പുനലൂർ കുര്യോട്ടുമല എരുമ പ്രജനന കേന്ദ്രം എന്നിവ ഉൾപ്പെടുന്നുണ്ടെന്ന് സഭയെ അറിയിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമടക്കം 78 സ്ഥലങ്ങളിൽ അക്ഷയ മാർട്ട് തുടങ്ങുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ പ്രചാരണത്തിനുവേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ/സെമിനാറുകൾ/ പ്രദർശനങ്ങൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് ഊർജ്ജ സുരക്ഷാമിഷൻ പദ്ധതികൾക്കായി 35,02,02,271 രൂപ ഡെപ്പോസിറ്റ് ചെയ്തതിൽ 27,40,49,954 രൂപ ഗ്രാമപഞ്ചായത്തുകൾ, കോർപ്പ

റേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയുടെ നിക്ഷേപമാണ്. 7,61,55,317 രൂപ ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി വിഹിതമായി ലഭിച്ചതിൽ 2011 സെപ്തംബർ വരെ 5,53,5,740 രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവിടുന്ന തുക മൂന്ന് വർഷംകൊണ്ട് വസൂലാക്കാനും 25 ശതമാനം വരെ വൈദ്യുതി ലാഭിക്കാനും കഴിയുമെന്നാണ് പഠനത്തിൽ കണ്ടെത്തിയിട്ടുള്ളത്. ഊർജ്ജ ക്ഷാമം പരിഹരിക്കുന്നതിന് 17 സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്തതിൽ 7 സ്ഥലങ്ങളിൽ മൈക്രോ സർവ്വേ നടത്തുകയും 789 മെഗാവാട്ടിന്റെ പൊട്ടൻഷ്യൽ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തുകയെന്നതാണ് സർക്കാരിന്റെ നയം. 200 മെഗാവാട്ട് കാറ്റാടി നിലയം സ്ഥാപിക്കുന്നതിന് എൻ.ടി.പി.സി.-യുമായി എം.ഒ.യു. ഒപ്പുവയ്ക്കുകയും 20 മെഗാവാട്ട് ഉല്പാദിപ്പിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ രാമക്കൽമേടിൽ തുടങ്ങുകയും ചെയ്തിട്ടുണ്ട്. വേസ്റ്റിൽ നിന്നുള്ള എനർജി ഉല്പാദനം അനെർട്ടിനെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും യഥാസമയം പ്രോജക്ട് റിപ്പോർട്ടുകൾ സമർപ്പിക്കാത്തതുകൊണ്ട് കേന്ദ്രസഹായം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**64 (*482) <u>സോ മില്ലുകൾക്ക് എൻ.ഒ.സി.</u>**

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ) നൽകിയ മറുപടിയിൽ, തടിയധിഷ്ഠിത വ്യവസായങ്ങൾക്ക്

നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ള 30-10-2002-ലെ സുപ്രീം കോടതി ഉത്തരവിനുമുമ്പ് പ്രവർത്തിച്ചിരുന്ന എല്ലാ യൂണിറ്റുകൾക്കും ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ എൻ.ഒ.സി. നൽകിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സർക്കാർ ഉടമസ്ഥതയിൽ ഉള്ള വനങ്ങളുടെ അതിർത്തിയിൽ നിന്ന് 5 കിലോമീറ്ററിനുള്ളിൽ പുതിയ തടിയധിഷ്ഠിത വ്യവസായങ്ങൾ അനുവദിക്കുന്നതല്ല. 30-10-2002-നുമുമ്പ് പ്രവർത്തിച്ചിരുന്ന ഇത്തരം യൂണിറ്റുകൾക്ക് ചില ഉപാധികളോടെ ഓരോ വർഷത്തേക്കാണ് എൻ.ഒ.സി. നൽകുന്നത്. 30-10-2002-നുശേഷം ആരംഭിച്ച യൂണിറ്റുകൾക്ക് സെൻട്രൽ എംപവേർഡ് കമ്മിറ്റിയും സുപ്രീംകോടതിയും അംഗീകരിച്ച ഒറ്റത്തവണ ഫീസ് നൽകേണ്ടതുണ്ട്. എൻ.ഒ.സി. ലഭിക്കുന്നതിനായി 30-03-2011 വരെ ലഭിച്ച 9685 അപേക്ഷകളിൽ പ്രാഥമിക രേഖ/സ്ഥലപരിശോധനയ്ക്കു ശേഷം സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ച 6710 അപേക്ഷകളിന്മേൽ തീരുമാനമെടുക്കുകയും അതിൽ 2165 എണ്ണത്തിന് എൻ.ഒ.സി. നൽകുകയും ചെയ്തിട്ടുണ്ട്. 1233 അപേക്ഷകൾക്ക് ഒറ്റത്തവണ/വാർഷിക പരിശോധനാ ഫീസ് അടയ്ക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളവയിൽ തുക അടയ്ക്കുന്ന മുറയ്ക്ക് എൻ.ഒ.സി. നൽകാനാണ് ഉദ്ദേശിക്കുന്നത്. 2585 അപേക്ഷകളിലെ കുറവുകൾ പരിഹരിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. 30-10-2002-നുശേഷം തുടങ്ങിയ സോ മില്ലുകളും വെനീർ/പ്ലൈവുഡ് യൂണിറ്റുകളും ഉൾപ്പെടുന്ന 727 അപേക്ഷകൾക്ക് അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതയ്ക്കനുസരിച്ച്

മാത്രമേ എൻ.ഒ.സി. നൽകുകയുള്ളൂ. സെൻട്രൽ എംപവേർഡ് കമ്മിറ്റി കാലാകാലങ്ങളിൽ നൽകിവരുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കും നിബന്ധന കൾക്കും അനുസൃതമായി മാത്രമേ തടിയധിഷ്ഠിത വ്യവസായ യൂണിറ്റു കൾക്ക് എൻ.ഒ.സി. നൽകാൻ കഴിയൂ. സ്ഥലപരിശോധനയും രേഖകളുടെ പ്രാഥമിക പരിശോധനയും പൂർത്തിയാക്കി സ്റ്റേറ്റ് ലെവൽ കമ്മിറ്റിക്ക് സമർപ്പിച്ച അപേക്ഷകൾ വീണ്ടും സൂക്ഷ്മപരിശോധന നടത്തിയതിനുശേഷ മാണ് എൻ.ഒ.സി. നൽകുന്നത്. നിലവിലുള്ള വ്യവസായ യൂണിറ്റുകൾക്കും സോ മില്ലുകൾക്കും അസംസ്കൃത പദാർത്ഥങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരു ത്തിയ ശേഷമേ പുതിയ യൂണിറ്റുകൾക്ക് എൻ.ഒ.സി. നൽകുകയുള്ളൂവെന്നും തടി ലഭ്യത സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പീച്ചി യിലെ കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തിയിട്ടു ണ്ടെന്നും സോ മില്ലുകൾ ഉപയോഗിക്കാത്ത ഫർണിച്ചർ യൂണിറ്റുകൾക്ക് പ്രസ്തുത നിബന്ധന ബാധകമല്ലെന്നും മന്ത്രി വ്യക്തമാക്കി. റബ്ബർതടി അധി ഷ്ഠിത വ്യവസായ യൂണിറ്റുകൾ, ഈർച്ച മില്ലുകൾ, ഫർണിച്ചർ യൂണിറ്റുകൾ എന്നിവയ്ക്ക് എൻ.ഒ.സി. നൽകുന്നുണ്ട്. എന്നാൽ ഈർച്ചമില്ലും ഫർണിച്ചർ യൂണിറ്റും ഒരു ചുറ്റുമതിലിനുള്ളിൽ പ്രവർത്തിപ്പിക്കാൻ പാടില്ല. പരമ്പരാഗത രീതിയിലുള്ള പണിയായുധങ്ങൾ ഉപയോഗിക്കുന്ന യൂണിറ്റുകൾക്ക് എൻ.ഒ. സി. ആവശ്യമില്ല. സ്റ്റാഫിന്റെ അപര്യാപ്തത, രേഖകൾ സമർപ്പിക്കുന്നതിലും ഫീസ് അടയ്ക്കുന്നതിലും അപേക്ഷകർ വരുത്തുന്ന കാലതാമസം എന്നിവ മൂലമാണ് അപേക്ഷകളിന്മേൽ തീരുമാനമെടുക്കാൻ വൈകുന്നത്. സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ ഉത്തരവുകളിൽ ചില ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും എൻ.ഒ.സി. നൽകുന്ന കാര്യത്തിൽ ഇളവ് നൽകുന്ന കാര്യം പരിഗണിക്കുന്നതാണെന്നും

എൻ.ഒ.സി. ലഭിക്കുന്നതിന് സമർപ്പിക്കേണ്ട രേഖകളെക്കുറിച്ച് മുൻകൂട്ടി വിവരം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. പെരുമ്പാവൂരിലെ പ്ലൈവുഡ്/റബർ അധിഷ്ഠിത വ്യവസായങ്ങൾ നശിച്ചുപോകാതിരിക്കുന്നതിന് എൻ.ഒ.സി. എത്രയുംവേഗം ലഭ്യമാക്കുന്നതിന് സാഹചര്യമൊരുക്കിയിട്ടുണ്ട്. തീപ്പെട്ടി കമ്പനികൾക്ക് എൻ.ഒ.സി. നൽകുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടെന്നും വനംവകുപ്പിലെ ചില ഉദ്യോഗസ്ഥർ സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും ദുരുപയോഗം ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കുന്നതാണെന്നും നിലവിലുള്ള നിയമം അനുശാസിക്കുന്ന രീതിയിൽ പ്രവർത്തിക്കാൻ അവർക്ക് നിർദ്ദേശം നൽകുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ ക്ലിയറൻസില്ലാതെ കൊണ്ടോട്ടിയിൽ സോ മില്ലിന് പ്രവർത്തനാനുമതി നൽകിയതിനെക്കുറിച്ചും സോ മില്ലുകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനെക്കുറിച്ചും പരിശോധിക്കുന്നതാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**65 (*483) <u>ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്താൻ നടപടി</u>**

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, ഇൻഫർമേഷൻ കേരളാ മിഷൻ വികസിപ്പിച്ച സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ ഉപയോഗിച്ച് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഉത്തരവായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് കോർപ്പറേഷനുകളിൽ വസ്തു നികുതിക്ക് ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തുകയും കാസർഗോഡ്, കാഞ്ഞങ്ങാട്, കണ്ണൂർ, ഒറ്റപ്പാലം, ഗുരുവായൂർ എന്നീ നഗരസഭകളിൽ

ഇതിനാവശ്യമായ ഡാറ്റാബേസ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങൾ ഡാറ്റാബേസ് പൂർത്തിയാക്കുന്ന മുറയ്ക്ക് ഇ-പേമെന്റ് സംവിധാനം ഉപയോഗിക്കാൻ സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഇ-പേമെന്റ് വ്യാപകമാക്കുന്നതോടൊപ്പം മാന്വലായി ട്രാൻസാക്ഷൻ നടത്തുന്നതിനുള്ള സൗകര്യംകൂടി നിലനിർത്തുന്നതും ഇലക്ട്രോണിക്സ് സംവിധാനങ്ങളുടെ ഉപയോഗം സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതുമാണ്. ഇത്തരം സംവിധാനങ്ങൾ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുന്നതോടെ അഴിമ തിയും സ്വജനപക്ഷപാതവും തടയാൻ സാധിക്കുമെന്നും നിലവിലുള്ള ജന സേവന കേന്ദ്രങ്ങളെ പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്ന കാര്യം സോഫ്ട്വെയർ വികസിപ്പിക്കുമ്പോൾ ആലോചിക്കാവുന്നതാണെന്നും ഇ-ഗവേണൻസിന്റെ ഭാഗമായി വിവിധ വകുപ്പുകളിലുള്ള സംവിധാനങ്ങൾ ചീഫ് സെക്രട്ടറിയുടെ കീഴിൽ ഇന്റഗ്രേറ്റ് ചെയ്ത് ഒറ്റ യൂണിറ്റായി കൊണ്ടു പോകുന്നതിനുള്ള പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശമനുസരിച്ച് നടപടിയെടു ത്തിട്ടുണ്ടെന്നും ജീവനക്കാർക്ക് പരിശീലനം നൽകുന്നുണ്ടെന്നും ഉപചോദ്യ ങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**66 (*484) <u>അനെർട്ട്</u>**

ഊർജ്ജ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, അക്ഷയ ഊർജ്ജ സ്രോതസ്സുകളുടെ വികസനത്തിലൂടെ ഊർജ്ജ ലഭ്യത വർദ്ധിപ്പിക്കുക, ഗ്രാമീണ മേഖലയുടെയും വൈദ്യുതി ശൃംഖലയിൽനിന്ന് ഒറ്റപ്പെട്ടുകിടക്കുന്ന ജനവാസ കേന്ദ്രങ്ങളുടെയും ഊർജ്ജാവശ്യങ്ങൾ നിറവേറ്റുക, പരമ്പരാഗത/അക്ഷയ ഊർജ്ജരൂപങ്ങളുടെ വികസനവും ഉപയോഗവും ഉറപ്പാക്കി പ്രാദേശിക വികസനം ത്വരിതപ്പെടുത്തുന്നതിന് സഹായകരമായ പ്രവർത്തന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുക തുടങ്ങിയ ഉദ്ദേശ്യ

ലക്ഷ്യങ്ങളോടെ രൂപീകരിച്ച ഏജൻസി ഫോർ നോൺകൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനെർട്ട്), കേന്ദ്ര നവീന നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ (എം.എൻ.ആർ.ഇ.) സംസ്ഥാനതല നോഡൽ ഏജൻസിയാണെന്ന് സഭയെ അറിയിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ ളുമായി സംയോജിച്ച് പദ്ധതികൾ നടപ്പിലാക്കുന്ന അനെർട്ട്, ഗ്രാമപഞ്ചായത്ത് തലത്തിൽ വൈദ്യുതീകരിക്കാത്തതും വൈദ്യുതീകരിച്ചതുമായ വീടുക ളുടെയും ഊർജ്ജ ഉപഭോഗത്തിന്റെയും കണക്കെടുക്കൽ, ഊർജ്ജ ഉപകര ണങ്ങളുടെ വിതരണം എന്നിവയും ജില്ലാ പഞ്ചായത്ത് തലത്തിൽ ചെറുകിട ജലവൈദ്യുതി ഉല്പാദന സാദ്ധ്യതാപഠനം, സമഗ്ര ഊർജ്ജ മേഖല വിലയി രുത്തൽ, ജൈവദ്രവ്യ ഗ്യാസിഫയറുകൾ/സാമൂഹ്യ ജൈവ വാതക പ്ലാന്റുകൾ/സാമൂഹിക അടുപ്പുകൾ/സൗരതാപ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും നടത്തിവരുന്നു. വിവിധ പദ്ധതി കളുടെ നടത്തിപ്പിനായി **3563.39** ലക്ഷം രൂപയുടെ ധനസഹായം ലഭിച്ചിട്ടു ണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലക ളിലെ അതാതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളെ കണ്ടെത്തി വിദൂരസ്ഥ ഗ്രാമ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ഗാർഹിക സൗരോർജ്ജ വിളക്കുകളും സൗരോർജ്ജ പവർ പ്ലാന്റുകളുമാണ് സ്ഥാപിച്ചത്. അനെർട്ടിലെ നിയമനങ്ങളെ സംബ ന്ധിച്ച പരാതികൾ വിജിലൻസ് വകുപ്പ് അന്വേഷിച്ചുവരുന്നുണ്ട്. മറ്റ് ക്രമക്കേ ടുകളെക്കുറിച്ചും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ചും പഠിച്ച് ആറുമാസത്തിനകം റിപ്പോർട്ട് നൽകാൻ എനർജി മാനേജ്മെന്റ് വിദഗ്ദ്ധനായ

ഡോ.കെ. രവിയെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. അനെർട്ടിനെ ഗവേഷണ സ്ഥാപനമായിത്തന്നെ നിലനിർത്തുമെന്നും അനെർട്ടിന്റെയും ഐ. എച്ച്.ആർ.ഡി.യുടെയും സംയുക്ത ആഭിമുഖ്യത്തിൽ കുഴൽമന്ദത്ത് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്കിൽ അനെർട്ടിന്റെ സ്ഥലത്തെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

67 (*485) <u>ഇ-പ്രൊക്യൂർമെന്റ് ഇ-ഗവേണൻസ് സംവിധാനങ്ങൾ</u>

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഇ-ഗവൺമെന്റ് പ്രൊക്യുർമെന്റ് പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ട പത്ത് സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളമെന്നും ഈ പദ്ധതിയുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു കോർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പദ്ധതി നടപ്പിലാക്കുന്നതിന് പ്രാഥമിക ഘട്ടത്തിൽ പൊതുമരാമത്ത്, ജലവിഭവം, ഗതാഗതം, പോലീസ് എന്നീ വകുപ്പുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. www.etenders.kerala.gov.in ആണ് ഇ-പ്രൊക്യൂർമെന്റിന്റെ വെബ് സൈറ്റ്. ടെൻഡർ നടപടിക്രമങ്ങളുടെ ഏകീകരണത്തിനായി ഒരു സ്റ്റാന്റേർഡ് ബിഡ് ഡോക്യുമെന്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്കുവേണ്ടി 3 ദിവസത്തെ ട്രെയിനിംഗും പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥർക്കുവേണ്ടി ഒരു ഡെമോ/വർക്ക് ഷോപ്പും സംഘടിപ്പിച്ചിട്ടുണ്ട്. ഒരു വർഷത്തെ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കും. ഇ-ഗവേണൻസ് പദ്ധതിയുടെ നടത്തിപ്പിനായി മുഖ്യമന്ത്രി

കോ-ഓർഡിനേറ്റ് ചെയ്യുന്ന, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു സംവിധാനം വേണമെന്നാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഇ-പ്രൊക്യൂർമെന്റ് നടപ്പിലാക്കുന്നതോടുകൂടി അഴിമതി തടയുന്നതിന് സാധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 4719 മുതൽ 5002 വരെയുള്ള ചോദ്യങ്ങളിൽ 143 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)